**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2987** **03-08-2021 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങളുടെ പരിപാലനം സംബന്ധിച്ച കേന്ദ്രനിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെ പരിപാലനം സംബന്ധിച്ച കേന്ദ്രനിയമം കർശനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (എ) | വളർത്തുമൃഗങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാറിന്റെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (Prevention of Cruelty to Animals, 1960) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന്റെ ഭാഗമായി നിയമ നടപടികൾ സ്വീകരിയ്ക്കുന്നത് ഈ നിയമപ്രകാരമാണ്. ഇതുമായി ബന്ധപ്പെട്ട നിയമ നടപടികൾ പോലീസ് വകുപ്പ് അധികാരികളാണ് സ്വീകരിയ്ക്കുന്നത്. പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചു വരുന്നു. |
| (ബി) | വളർത്തുനായകളുടെ കുത്തിവയ്പ്പിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഈ ആവശ്യത്തിനായി 2016-17-ൽ 2,70,00,000/- (രണ്ട് കോടി എഴുപത് ലക്ഷം രൂപ)കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് Rabies free Kerala Vaccination campaign നടത്തി വരുന്നു. |
| (സി) | വളർത്തുനായകളുടെ കുത്തിവയ്പ്പിനായി മൊബൈൽ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | വളർത്തുനായകളുടെ കുത്തിവയ്പ്പിനായി സംസ്ഥാനത്ത് മൊബൈൽ കുത്തിവയ്പ് സംവിധാനം രൂപീകരിച്ചിട്ടില്ല. മൃഗാശുപത്രികളിൽ വച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തി വരുന്നു. |
| (ഡി) | കൂടുതൽ മൊബൈൽ യൂണിറ്റുകൾ രൂപീകരിച്ച് തെരുവുനായകൾ ഉൾപ്പെടെയുള്ളവയുടെ കുത്തിവയ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | വളർത്തുനായകളുടെ കുത്തിവയ്പ്പിനായി സംസ്ഥാനത്ത് മൊബൈൽ കുത്തിവയ്പ് സംവിധാനം രൂപീകരിച്ചിട്ടില്ല. മൃഗാശുപത്രികളിൽ വച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ